മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ





മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 28 JANUARY 2024




# ആകാശപ്പച്ച

## CONTENTS




എല്ലാ വർഷവും **ജനുവരി 20 ന് പെൻഗ്വിൻ അവബോധ ദിനം** ആചരിക്കുന്നു. മനുഷ്യർ,പെൻഗ്വിനുകളുടെ ആവാസ വ്യവസ്ഥകളിൽ വസിക്കുന്നില്ല. അതിനാൽ അവയുടെ എണ്ണം കുറയുന്നത് ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ഈ വിഷയത്തിൽ ശ്രദ്ധ ഉണ്ടാക്കുന്നതിനുള്ള ശ്രമമാണ് ദിനാചരണം.

എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16



# വർഷമരങ്ങൾ!

2024 ലെ ആദ്യ ലക്കമാണിത്. വർഷവും മാസവുമൊക്കെ മനുഷ്യർ ജീവിത സൗകര്യത്തിനായി ഉപയോഗപ്പെടുത്തുന്ന കാലഗണനകളാണ്. തീർച്ചയായും പുതിയ വർഷം നമുക്ക് പുതിയ തുടക്കങ്ങൾക്കായി ഉപയോഗപ്പെടുത്താം. ഈ വർഷത്തെ 12 മാസത്തിലും ഓരോ മരങ്ങളോ, ഒരുകൂട്ടം മരങ്ങൾ വീതമോ നട്ടുവളർത്തുമെന്ന് നമുക്ക് തീരുമാനിച്ചാലോ? എത്ര മരങ്ങൾ നട്ടു, എത്രത്തോളം അവ വളർന്നു എന്ന കണക്കെടുപ്പും ഡിസംബർ മാസത്തിൽ നടത്താം. അപ്പോഴറിയാം നമുക്ക് പ്രകൃതിയോട് എത്രത്തോളം ഉത്തരവാദിത്തമുണ്ടെന്ന്. എന്തായാലും ഒന്ന് ശ്രമിച്ചുനോക്കാം, അല്ലേ?



എഡിറ്റോറിയൽ

# സന്തോഷത്തിന്റെ താക്കോൽ



ശാസ്ത്രം നമ്മളെ വലിയ പുരോഗതികളിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ ചില പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കാണാൻ ശാസ്ത്രത്തിനും കഴിഞ്ഞെന്നുവരില്ല. അതിലൊന്നാണ് മലിനീകരണം. പലവിധത്തിലുള്ള മലിനീകരണം മൂലം ലോകത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളവയാണ്. അവയിൽ പലതും വർധിച്ചുവരികയും ചെയ്യുന്നു. മലിനീകരണത്തിന്റെ അനന്തര ഫലമായുണ്ടാവുന്ന പലവിധരോഗങ്ങൾ ലോകമെമ്പാടും കൂടുകയാണ്. ശ്വാസകോശ സംബന്ധമായ അസുഖങ്ങളുടെ പ്രധാന കാരണം വായു മലിനീകരണമാണ്. എത്രശ്രമിച്ചിട്ടും വായു മലിനീകരണത്തോത് നിയന്ത്രണത്തിലാക്കാൻ മനുഷ്യർക്ക് കഴിയുന്നുമില്ല. ഇതുപോലെയാണ് മറ്റു പല മലിനീകരണങ്ങളുടെയും സ്ഥിതി. മനുഷ്യർ കൂടുതൽ ശ്രദ്ധയോടെ ഇക്കാര്യങ്ങൾ തിരിച്ചറിഞ്ഞ് ജാഗ്രത പാലിച്ചില്ലെങ്കിൽ പ്രശ്നങ്ങൾ സങ്കീർണമാവുമെന്നുറപ്പാണ്. അതാനാൽ പ്രകൃതിയെ മലിനമാക്കാത്ത ഒരു ജീവിതശൈലിയിലേക്ക് നമ്മളോരോരുത്തരും എത്രയും വേഗം മാറണം. എങ്കിലേ, നമുക്കും അനന്തര തലമുറകൾക്കും സന്തോഷത്തോടെ ഇവിടെ ജീവിക്കാൻ കഴിയൂ. പ്രകൃതിയാണ് സന്തോഷത്തിന്റെ താക്കോൽ.

കാട്ടിലെക്കാര്യം

# നേർച്ചപ്പാറ

വന്മരങ്ങളും ചെറുസസ്യങ്ങളും വള്ളിച്ചെടികളും കുറ്റിച്ചെടികളും പുൽമേടുകളുമൊക്കെനിറഞ്ഞ സുന്ദരമായ വനഭൂമിയാണ് നേർച്ചപ്പാറ. പാലക്കാട് ജില്ലയിൽ വണ്ടാഴി പഞ്ചായത്തിലാണിത്. നേർച്ചപ്പാറയിലേക്ക് എത്തുന്നവരെ ആദ്യം ആകർഷിക്കുന്നത് വർഷങ്ങൾക്ക് മുൻപ് കടപുഴകി വീണുകിടക്കുന്ന വലിയ തേക്കുമരമാണ്. ധാരാളം കാട്ടുപഴങ്ങളും പൂക്കളും നേർച്ചപ്പാറയുടെ സമൃദ്ധിയാണ്. ചില്ലകളിലും മരപൊത്തുകളിലും തേനീച്ചക്കൂടുകളുണ്ട്. ചെള്ളിക്കയവും തലയുയർത്തി നിൽക്കുന്ന മായാണ്ടികുന്നും നേർച്ചപ്പാറയെ കൂടുതൽ മനോഹരമാക്കുന്നു. അനേകം സസ്യങ്ങളും ജീവജാലങ്ങളും ഇഴചേർന്ന ആവാസവ്യവസ്ഥയായ നേർച്ചപ്പാറയിൽ കാട്ടാനകളെയും കാണാറുണ്ട്. വർഷങ്ങളായി ഇവിടെ നടത്തിവരുന്ന നേർച്ചയിലൂടെ മഴപെയ്യുമെന്ന വിശ്വാസമുള്ളതുകൊണ്ടാണ് ഈ വനപ്രദേശത്തിന് നേർച്ചപ്പാറ എന്ന പേരുവന്നത്. പച്ചപ്പിന്റെ ഭംഗി ആസ്വദിച്ച് ജീവിതം ആനന്ദകരമാക്കാൻ പറ്റിയ ഒരിടമാണ് നേർച്ചപാറ വനപ്രദേശം.





നിവേദ്യ എസ്.
ബേത്‌ലഹേം കമ്മ്യൂണിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂൾ,
നെന്മാറ, പാലക്കാട്



## കാത്തിരിക്കല്ലേ സംരക്ഷിക്കാൻ!

**ഭൂ**മധ്യരേഖയ്ക്ക് അടുത്ത് എട്ട് ഡിഗ്രിക്കുള്ളിൽ സ്ഥിതിചെയ്യുന്ന, നല്ല ചൂടും സൂര്യപ്രകാശവും ലഭിക്കുന്ന സ്ഥലമായതിനാൽ കേരളം മരുഭൂമി ആകേണ്ടതായിരുന്നു! എന്നാൽ പടിഞ്ഞാറു ഭാഗത്തെ കടലും കിഴക്കുള്ള സഹ്യാദ്രിമലനിരകളും കാരണമാണ് കേരളം സമശീതോഷ്ണ മേഖലയായത്. ഇത്തരം സവിശേഷതകളുള്ള ഒരു പ്രദേശം ലോകത്ത് മറ്റൊരിടത്തും ഇല്ല. 44 നദികൾ, ആയിരക്കണക്കിന് നീർച്ചാലുകൾ, കായലുകൾ, ലക്ഷക്കണക്കിന് കുളങ്ങൾ, നീരുറവകൾ, വർഷത്തിൽ രണ്ട് നല്ല മഴക്കാലം എന്നിവകൊണ്ട് ജലസമ്പന്നമാണെങ്കിലും കേരളത്തിൽ ജലപ്രതിസന്ധി വളരെയേറെയാണ്. കാലാവസ്ഥ മാറിമറിയുന്ന കേരളത്തിലാണ് നാമിന്ന് ജീവിക്കുന്നത്. പതിവ് തെറ്റിച്ച് ബംഗാൾഉൾക്കടലിനൊപ്പം അറബിക്കടലും വർധിച്ചതോതിൽ ചൂടാവുന്നു. മരങ്ങൾ കുറഞ്ഞ് അന്തരീക്ഷ താപനിലയ്ക്ക് വ്യത്യാസം വന്നാൽ കടലിന്റെ സ്വഭാവത്തിലും മാറ്റം വരും. എന്തായാലും മഴ പെയ്യുന്നതിൽ മരങ്ങളുടെ പങ്ക് നിർണായകമാണെന്ന് ആരും മറക്കരുത്. കടലിനു ചൂട് കൂടുമ്പോൾ കരകൾ പതുക്കെ അപ്രത്യക്ഷമാവും. എന്തൊക്കെയാണ് വരാനിരിക്കുന്നത് എന്ന് കാത്തിരിക്കാതെ, മരങ്ങളെ എപ്പോഴും നമുക്ക് സംരക്ഷിക്കാം.

വൈഷ്ണവി എ.
സീഡ് ടീച്ചർ കോഓർഡിനേറ്റർ
സെന്റ്. ആൻഡ്രൂസ് എൽ.പി.എസ്.
കൊല്ലാട്, കോട്ടയം



# നാട്ടുവേലിത്തത്ത

## Asian green bee-eater

ഗ്രാമീണ ഭംഗിയുടെ വർണ്ണപകിട്ടായി വിശേഷിപ്പിക്കാവുന്ന പക്ഷികളാണ് നാട്ടുവേലിത്തത്തകൾ. ഇവയുടെ മുഖത്തെ ചെങ്കൽനിറത്തിനും മിന്നുന്ന നീലനിറത്തിനും മധ്യത്തിൽ കണ്ണെഴുതിയത് പോലെ ഒരു അടയാളം കാണാം. അതിന്റെ തുടർച്ചയെന്നോണം കറുപ്പ് നിറത്തിൽ നീണ്ട് കൂർത്തതാണ് ഇവയുടെ കൊക്കുകൾ. ചിറകിനും ശരീരത്തിനും പച്ചനിറമാണ്. വാലിന്റെ മധ്യഭാഗത്ത് കാണപ്പെടുന്ന രണ്ട് തൂവലുകൾ സാമാന്യത്തിലധികം നീളവും ഭംഗിയും ഉള്ളവയാണ്. വേലികൾ, വൈദ്യുതകമ്പികൾ, ഉയരമുള്ള കുറ്റികൾ എന്നിവ ഇവയ്ക്ക് വളരെ പ്രിയമാണ്. പ്രാണികളാണ് പ്രധാന ആഹാരം. വളരെ പെട്ടെന്ന് ദിശ മാറ്റി വായുവിൽ തെന്നിനീങ്ങുന്ന ഇവയുടെ ഇരതേടൽ രസകരമായ കാഴ്ചയാണ്. പച്ചപ്പും പ്രകാശവുമുള്ള ഇടങ്ങൾ ഇഷ്ടപ്പെടുന്ന നാട്ടുവേലിത്തത്തകളെ കേരളത്തിന്റെ ഗ്രാമമേഖലകളിൽ ധാരാളമായി കാണാം.



ഭദ്ര ഹരി
എസ്.വി.വി.എച്ച്. എസ്. എസ്.
താമരക്കുടി, കൊല്ലം

ഈ ഫോട്ടോ കാണാം

# പാഞ്ചാലിമേട്




വനവാസകാലത്ത് പാണ്ഡവരും ഭാര്യയായ പാഞ്ചാലിയും ഇടുക്കി ജില്ലയിലെ പാഞ്ചാലിമേട്ടിൽ അഭയം പ്രാപിച്ചു എന്നാണ് ഐതിഹ്യം. അതിനാൽ പാഞ്ചാലിമേട് എന്ന പേരും വന്നു. കുട്ടിക്കാനത്ത് നിന്ന് കോട്ടയം–കുമളി റോഡിലൂടെ 10 കിലോമീറ്റർ സഞ്ചരിച്ചാൽ എത്താം. സമുദ്രനിരപ്പിൽ നിന്ന് 2,500 അടിയാണ് ഉയരം. ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണിത്.

മൈഥിലി വിനോദ്നാഥ്
ജവഹർ നവോദയ വിദ്യാലയ
പത്തനംതിട്ട

# ഫാം ഓട്ടോമേഷൻ

വലിയ കൃഷിസ്ഥലത്ത് ഉണ്ടാവുന്ന കീടശല്യങ്ങൾ കണ്ടെത്തുക എന്നത് മനുഷ്യർക്ക് വെല്ലുവിളി നിറഞ്ഞ ജോലിയാണ്. എന്നാൽ ഇക്കാര്യം ഫാം ഓട്ടോമേഷൻ എളുപ്പമാക്കുന്നു. കൃഷിസ്ഥലത്തു കീടങ്ങൾ വന്നാൽ വിവിധ സെൻസറുകൾ ഉപയോഗിച്ച് അവയെ കണ്ടെത്തുകയും കർഷകന് കൃത്യസമയത്ത് അറിയിപ്പ് കൊടുക്കുയും ചെയ്യുന്നു. അതുപോലെ മണ്ണിലെ നനവ്, വളത്തിന്റെ ഉപയോഗം എന്നിവയിൽ കുറവുണ്ടോ എന്നൊക്കെ ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് മനസിലാക്കാനാവും. കർഷകർ, മുഴുവൻ സമയവും കൃഷിസ്ഥലത്തെ ചെടികളെ ശ്രദ്ധയോടെ പരിപാലിക്കുന്നത് പോലെ തന്നെ ഫാം ഓട്ടോമേഷനും ജോലി ചെയ്യുന്നു. അപ്പോൾ കർഷകർക്ക് മറ്റുള്ള ജോലികളിൽ കൂടുതൽ ശ്രദ്ധിക്കാനാകും. അങ്ങനെ ഫാം ഓട്ടോമേഷനുള്ള കൃഷിയിടങ്ങൾ കൂടുതൽ ഉൽപാദനക്ഷമത ഉള്ളതായി മാറും.






അനുരാഗ് എടച്ചേരി
സീഡ് ടീച്ചർ കോഓർഡിനേറ്റർ
കാർത്തികപ്പള്ളി നോർത്ത് M.L.P.S.
കോഴിക്കോട്

# കുട്ടനാടൻ പാട്ട്


*വെണ്ണിലാ ചന്ദനക്കിണ്ണം.... പുന്നമട കായലിൽ വീണേ...*
*കുഞ്ഞിളം കയ്യിൽ മെല്ലെ കോരിയെടുക്കാൻ വാ....*
*മുണ്ടകൻ കൊയ്ത്തു കഴിഞ്ഞ്.... ആറ്റക്കിളി പോകും നേരം...*
*മഞ്ഞണി പൂവൽ കൊണ്ടൊരു കൂടൊരുക്കാൻ വാ....*

കുട്ടനാടിലെ സാധാരണ കർഷകന്റെ ജീവിതഅനുഭവങ്ങളിലൂടെ കൈതപ്രം ഈ പാട്ടിനെ വളരെ മനോഹരമായി ഓരോ ഹൃദയങ്ങളിലേക്കും എത്തിക്കുക്കുന്നു. പാട്ടിന്റെ എല്ലാ വരികളിലും കുട്ടനാട്ടിന്റെ നാട്ടുതനിമ പൂർണചന്ദ്രനെപ്പോലെ തെളിഞ്ഞു നിൽക്കുന്നു.

**സിനിമ: അഴകിയ രാവണൻ**
**വരികൾ: കൈതപ്രം**
**സംഗീതം: വിദ്യാസാഗർ**
**പാടിയത്: കെ.ജെ. യേശുദാസ്**



നിതിൻരാജ് കെ.
ഭാരത് യു.പി. സ്കൂൾ, പൊയിനാച്ചി
കാസർകോട്




# കപ്പയിലെ വിഷം

ഇടുക്കിയിലെ കുട്ടിക്കർഷകരായ കിഴക്കേപ്പറമ്പിൽ മാത്യുവിന്റെയും ജോർജിന്റെയും 13 പശുക്കൾ ഈയിടെ വിഷബാധയേറ്റ് ചത്ത സംഭവം എല്ലാരും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. കപ്പത്തൊലിയിലെ സയനൈഡിന്റെ അംശമാണ് പശുവിന്റെ മരണത്തിനു കാരണമായി പറഞ്ഞിട്ടുള്ളത്. മരിച്ചീനിയിൽ ഹൈഡ്രോസയാനിക് അമ്ലം എന്ന വിഷാംശം അടങ്ങിയിരിക്കുന്നു. വിവിധ സാഹചര്യങ്ങളെ ആശ്രയിച്ചാണ് ഓരോ ചെടികളിലെയും വിഷാംശത്തിന്റെ തോത്. വേനൽക്കാലത്തിന് ശേഷമെത്തുന്ന മഴയിൽ തഴച്ചുവളരുന്ന തളിരിലകളിൽ വിഷാംശം കൂടുതൽ ഉണ്ടായിരിക്കും. ഇത്തരം ഇലകൾ ഭക്ഷിക്കുന്ന എല്ലാ മൃഗങ്ങളിലും വിഷബാധ ഒരുപോലെ ആയിരിക്കണമെന്നില്ല. കന്നുകാലികളുടെ ആമാശയത്തിന്റെ പ്രഥമ അറയിൽ മറ്റ് ആഹാരവസ്തുക്കൾ ധാരാളമുണ്ടെങ്കിൽ വിഷബാധയുടെ തോത് കുറയുമത്രേ.

നന്ദന പ്രമോദ്
പെരളശ്ശേരി A.K.G.M.G.H.S.S.
കണ്ണൂർ

തെറ്റ്
ശരി



# ഉണ്ടു കുളിക്കുന്നവനെ കണ്ടാൽ കുളിക്കണം

ഭക്ഷണം കഴിച്ച ഉടനെ കുളിക്കരുത് എന്ന് മുതിർന്നവർ പറയാറില്ലേ. ഇതിന് ചില കാരണങ്ങളും അവർ വിശദമാക്കാറുണ്ട്. ഭക്ഷണം കഴിച്ച ഉടനേ കുളിക്കുമ്പോൾ ശരീരത്തിലെ താപനില കുറയും. ഇതിനാൽ ദഹനപ്രവർത്തനങ്ങൾ വൈകുകയും അസിഡിറ്റി, ഗ്യാസ്, വയറു വേദന മുതലായ ദഹന പ്രശ്നങ്ങൾ എന്നിവ ഉണ്ടാകുകയും ചെയ്യാനിടയുണ്ട്. അതുകൊണ്ടാവണം ആഹാരം കഴിച്ചാലുടൻ കുളിക്കരുത് എന്ന് പഴമക്കാർ പറയുന്നത്.



ഗൗരി എസ്.
സെന്റ് ജോസഫ്സ് സ്കൂൾ
ചെറുകാട്ടൂർ, വയനാട്

ലോകം എങ്ങനെ

# യുദ്ധം എന്ന ദുരന്തം

പ്രകൃതിദുരന്തങ്ങളെക്കാൾ ഭീകരമാണ് യുദ്ധം. ചുരുക്കം ചില സ്വേച്ഛാധിപതികളുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി നടക്കുന്ന മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങൾ മാനവരാശിക്ക് തന്നെ അപമാനമാണ്. ഓരോ യുദ്ധവും മനുഷ്യർക്ക് മാത്രമല്ല ജീവജാലങ്ങൾക്കും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ അനവധിയാണ്. പ്രകൃതിവിഭവങ്ങളുടെ വൻതോതിൽ ഉള്ള നശീകരണമാണ് ഓരോ യുദ്ധത്തിലും നടക്കുന്നത്. ഇത് വിലക്കയറ്റത്തിനും കാരണമാകുന്നു. വൻതോതിൽ കെട്ടിടങ്ങളും കൃഷിയിടങ്ങളും കാടും മേടുമെല്ലാം നശിപ്പിക്കപ്പെടുന്നു. ഷല്ലാക്രമണവും മറ്റും നടക്കുമ്പോൾ മനുഷ്യരോടൊപ്പം ജന്തുക്കളും സസ്യങ്ങളും ഇല്ലാതാവുന്നു. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പ്രകൃതിയിൽ ഉണ്ടാക്കുന്നുണ്ട്. അതിനാൽ എത്രയും വേഗം യുദ്ധങ്ങൾ അവസാനിച്ച് ഭൂമിയിൽ എല്ലായിടത്തും സമാധാനം പുലരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.





അനിത കെ. എ., അധ്യാപിക
ചാവറ ദർശൻ C.M.I. പബ്ലിക് സ്കൂൾ,
കൂനമ്മാവ്, എറണാകുളം

# ഒടിയൻ പച്ച

പൂവറിവ്

ഒരു ഔഷധസസ്യമാണ് ഒടിയൻ പച്ച. മെക്സിക്കൻ ഡെയ്സി, കോട്ട് ബട്ടൻസ് എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. ഇതിന്റെ ഇലയുടെ നീര് മുറിവിൽ ഇറ്റിച്ചാൽ ഉടൻ തന്നെ രക്തപ്രവാഹം നിലയ്ക്കും. പെട്ടെന്ന് തന്നെ മുറിവ് ഉണങ്ങുകയും ചെയ്യും. പൊള്ളലേറ്റ ഭാഗത്തും ഇതിന്റെ നീര് ഫലപ്രദമാണ്. മൃഗങ്ങൾക്ക് ഉണ്ടാകുന്ന പല രോഗങ്ങൾക്കും ഈ സസ്യം മരുന്നായി ഉപയോഗിക്കുന്നു. ഇതിന്റെ ഇല, തണ്ട്, വേര്, പൂവ് ഇവയിൽ നിന്നും വേർതിരിച്ചെടുക്കുന്ന മിശ്രിതങ്ങൾ പ്രമേഹം, സന്ധിവാതം എന്നിവയ്ക്കുള്ള ഔഷധങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു. ഈ ചെടി ഇരുമ്പ്, ചെമ്പ്, മാംഗനീസ്, സോഡിയം സിങ്ക്, ഫോസ്ഫറസ്, പൊട്ടാസ്യം തുടങ്ങിയ ധാതുക്കളാൽ സമ്പുഷ്ടമാണ്. അതുകൊണ്ട് ഇല ശേഖരിച്ച് പച്ചക്കറികൾക്കും മറ്റും ഇട്ടുകൊടുത്താൽ രാസവളത്തിന്റെ ഉപയോഗം പരമാവധി കുറയ്ക്കാൻ സാധിക്കും.



Coat buttons plant

ലൈസമ്മ കെ. ജോൺ
സെന്റ് സെബാസ്റ്റ്യൻ H.S.S. കൂടരഞ്ഞി
കോഴിക്കോട്

വർണച്ചിറക്

കവിത


# മാഞ്ഞുപോകുന്നത്!

ഓണമെത്തുമ്പോൾ തിരക്കിട്ട്
പാഞ്ഞു തിരഞ്ഞു ഞാൻ
പരിഷ്കാര ശിലപാകി മൃതമായ
മുറ്റത്തിനൊരു കോണിലെങ്കിലും
ഇത്തിരിപ്പച്ചകുരുന്നു നന്മയ്ക്കായ്.

കൂട്ടത്തിലുള്ളോർക്ക് കാട്ടിക്കൊടുക്കുവാൻ
ഒരു കൊച്ചു മുക്കുറ്റിപ്പൂവിനലഞ്ഞു ഞാൻ
അപ്പുറത്താർത്തു വളർന്ന
മുയൽച്ചെവിക്കൂട്ടത്തിനാരോ
മെറ്റലാൽ തീർക്കുന്നു ശവമഞ്ചമഴകിൽ.

തെല്ലിടനിൽക്കുവാനൊന്നു ചിന്തിക്കുവാൻ
നിൽക്കാതെ പായുന്നു നിങ്ങളും ഞാനും
ഇന്നലെകൾ ഓർമ്മതൻ ചെറുകാറ്റിലിളകുന്ന
പച്ചത്തലപ്പിലേക്കെന്നെ നടത്തുന്നു.

ഓർമ്മതൻ പച്ചില കാട്ടിലേക്കാർത്തിയാൽ
ഓടിയണയുവാൻ വെമ്പുന്നിതു ഞാനും
ഇത്തിരിക്കുഞ്ഞനാം കൃഷ്ണക്രാന്തിപ്പൂവാണ്
കുമ്പിളിൽ നുള്ളിയെടുക്കുന്ന ബാല്യകൗതൂഹലം.



മേരി സിനിമോൾ, അധ്യാപിക
ചാവറ ദർശൻ C.M.I പബ്ലിക് സ്കൂൾ,
കൂനമ്മാവ്, എറണാകുളം.

# രാമുവിന്റെ മാവ്

ഒരു പട്ടണത്തിൽ രാമു എന്നൊരാൾ താമസിച്ചിരുന്നു. രാമുവിന്റെ വീടിനു പിറകിൽ ഒരു മാവ് പടർന്നു പന്തലിച്ച് നിന്നിരുന്നു. രാമു കുട്ടിക്കാലത്ത് എന്നും ആ മാവിന്റെ ചുവട്ടിലാണ് കളിച്ചിരുന്നത്. വിശക്കുമ്പോൾ മധുരമുള്ള മാമ്പഴങ്ങൾ ആ മാവ് രാമുവിന് നൽകിയിരുന്നു. കാലം മുൻപോട്ടു പോയപ്പോൾ മാവിനും പ്രായം ചെന്നു. ഇപ്പോൾ വല്ലപ്പോഴുമേ മാമ്പഴം ഉണ്ടാവുന്നുള്ളു. അതുകൊണ്ട് രാമു ആ മാവ് മുറിക്കാൻ തീരുമാനിച്ചു.

എന്നാൽ ആ മാവിൽ ഒത്തിരി കിളികൾ കൂട് കൂട്ടിയിരുന്നു. മരം മുറിക്കാൻ ആളുകളേയും കൂട്ടി രാമു വന്നപ്പോൾ, ആ മരത്തിലെ കിളികൾ, മരം മുറിക്കല്ലേ.... മരം മുറിക്കല്ലേ.... ഇ മരം ഞങ്ങളുടെ വീടാണേ... മരം മുറിച്ചാൽ ഞങ്ങളുടെ വീട് നഷ്ടപ്പെടും എന്നു കരഞ്ഞു പറഞ്ഞു. അപ്പോൾ രാമു മരത്തിലേക്ക് നോക്കി. അതിൽ ഒത്തിരി പക്ഷിക്കൂടുകൾ കാണാമായിരുന്നു. ഒരു നിമിഷത്തേക്ക് രാമു തന്റെ കുട്ടിക്കാലത്തേക്ക് മടങ്ങിപ്പോയി. വിശക്കുമ്പോൾ വയറുനിറയെ മാമ്പഴം കഴിച്ചതും കിളികൾ പാട്ടു പാടിത്തന്നതും, ഓരോന്നായി ഓർത്തെടുത്തു. അങ്ങനെ മരം മുറിക്കുന്നതിൽ നിന്നും രാമു പിന്മാറി. ഒരിക്കലും മരം മുറിയ്ക്കുകയില്ല എന്ന് കിളികൾക്ക് ഉറപ്പും നൽകി. അതുകേട്ട സന്തോഷത്തിൽ മതിമറന്ന കിളികൾ ഉച്ചത്തിൽ പാട്ടുകൾ പാടി.



ബെനഡിക്ട് ഷൈജൻ
ലോർഡ്സ് അക്കാദമി, വരന്തരപ്പിള്ളി
തൃശൂർ

# മാതൃഭൂമി ആകാശപ്പച്ച

മണ്ണിന്റെ ആഴത്തിലേക്ക്
നീളുന്ന വേരുകളെ
നമ്മൾ അറിയുന്നത്
ആകാശത്തിലേക്ക്
വളരുന്ന ചില്ലകളിലൂടെയാണ്!



ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed